HGH INDIA® 2022
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
December 13-16, 2022
Bombay Exhibition Center, Mumbai

NEWS 2

A TEXZONE Event
www.hghindia.com

Where business feels at home!

# ഇന്റർനാഷണൽ കളക്ഷനുമായി എക്സ്പോർട്ടേഴ്സ്

ഇന്ത്യൻ ഉപഭോക്താക്കൾ അവർ വാങ്ങുന്ന ഹോം ടെക്സ്റ്റൈൽസിന്റെ എല്ലാ വിഭാഗങ്ങളിലും ഉയർന്ന ഗുണ നിലവാരം, അന്തർദേശീയ നിറങ്ങൾ, ഡിസൈനുകൾ മികച്ച പ്രകടനം എന്നിവ ആവശ്യപ്പെടുന്നതിനാൽ, ചില്ലറ വ്യാപാരികൾ നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്തൃ ആവശ്യത്തോട് ശരിയായ വിധത്തിൽ പ്രതികരിക്കേണ്ടതുണ്ട്.

കഴിഞ്ഞ ഒരു ദശകത്തിൽ, സുസ്ഥാപിതമായ 300 കയറ്റുമതി സ്ഥാപനങ്ങൾ എച്ച്ജിഎച്ച് ഇന്ത്യയിലൂടെ ഇന്ത്യൻ ആഭ്യന്തര വിപണിയിൽ വിജയകരമായി പ്രവേശിക്കുകയുണ്ടായി. ഇന്ന് ഇന്ത്യൻ റീട്ടെയിലർമാരും ഉപഭോക്താക്കളും അംഗീകരിച്ചതും സുസ്ഥാപിതവുമായ ബ്രാൻഡുകളെ അവർ സ്വന്തമാക്കുകയും ചെയ്തിട്ടുണ്ട്.

ബെഡ് ഷീറ്റുകൾ, ടവലുകൾ, ഡ്യുയറ്റുകൾ, കംഫർട്ടറുകൾ, ഡെക്കറേറ്റീവ് ബെഡിംഗ്സ്, വിരിപ്പുകൾ, സമ്മർ ബ്ലാങ്കറ്റ്സ്, കർട്ടനുകൾ, ത്രോകൾ, കുഷ്യൻ കവറുകൾ, ടേബിൾ ആൻഡ് കിച്ചൺ ലിനൻ, ബാത്ത് മാറ്റുകൾ, പരവതാനികൾ, ഏരിയ റഗ്ഗുകൾ, ഡ്യൂറികൾ, ഡോർ മാറ്റുകൾ, വിവിധതരം ഡെക്കറേറ്റീവ് മെയ്ഡ് അപ്പുകൾ എന്നിവയുടെ മുൻനിര ഇന്ത്യൻ കയറ്റുമതിക്കാർ വാഗ്ദാനം ചെയ്യുന്ന അന്താരാഷ്ട്ര ഹോം ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങളുടെ എക്കാലത്തെയും വിശാലമായ ശ്രേണി എച്ച്ജിഎച്ച് ഇന്ത്യയിൽ പ്രദർശനത്തിനു വയ്ക്കുകയാണ്.

വരാനിരിക്കുന്ന എഡിഷനിൽ, ഈ കയറ്റുമതിക്കാർ പ്രദർശിപ്പിക്കുന്ന ചില ഹോം ടെക്സ്റ്റൈൽസ് ബ്രാൻഡുകളിൽ മാസ്പാർ, പ്ലൂച്ചി, മൈക്രോ കോട്ടൺ, കെ.ജി. ഡെനിം, ഡോക്ടർ ടവൽസ്, ബോൺഹൂർ, പാനോ, ലിബർട്ടി, കലീൻ, ബാലവിഗ്ന, ഗൗവിൻസ് എന്നിവ ഉൾപ്പെടുന്നു. തുർക്കിയിൽ നിന്നുള്ള മൈക്രോ ഫൈബർ പോലുള്ള രാജ്യാന്തര ബ്രാൻഡുകളും പ്രദർശനത്തിലുണ്ട്.



എൻറിയ



പാനോ

കൂടാതെ, ആശാദീപ് ഫർണിഷിംഗ്സ്, എലഗന്റ് വീവേഴ്സ്, ദേവതാര, ലക്കാസ, ഭിക്ഷു ഫാബ്രിക്സ്, മാർവിൻ ലെതർ, ഹോം ഫാബ്രിക്സ്, വാലം ഹോം, ലാഭം, കോർട്ടിന, ഹോം സ്റ്റോറി തുടങ്ങിയ പതിവ് ആഭ്യന്തര പങ്കാളികളും ബെഡ്ഷീറ്റുകൾ, ടവലുകൾ, ഡെക്കറേറ്റീവ് മെയ്ഡ്-അപ്പുകൾ, ഫർണിഷിംഗ് തുണിത്തരങ്ങൾ, കർട്ടനുകൾ, വിവിധതരം വീട്ടുപകരണങ്ങൾ എന്നിവയിൽ തങ്ങളുടെ പുതിയ ശേഖരങ്ങൾ പ്രദർശിപ്പിക്കും.

അതുപോലെ കരകൗശലവസ്തുക്കൾ, അലങ്കാര സാധനങ്ങൾ, വീട്ടുപകരണങ്ങൾ, മെത്തകൾ, തലയിണകൾ, പരവതാനികൾ, റഗ്സ്, സ്റ്റെയിൻലെസ്സ് സ്റ്റീൽ വീട്ടുപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ, കുക്ക്‌വെയർ, പ്ലാസ്റ്റിക്, പൊതു വീട്ടുപകരണങ്ങൾ, ടേബിൾവെയർ, മറ്റ് ഗാർഹിക ഉൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതിക്കാരും ഇന്ത്യൻ ഉപഭോക്താക്കളിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചിട്ടുണ്ട്, കാരണം രാജ്യത്തിനുള്ളിലെ ബിസിനസ്സ് അവസരങ്ങൾ വലുതും ലാഭകരവുമായി വളർന്നുകൊണ്ടിരിക്കുകയാണ്. ലോകോത്തര ഉൽപ്പന്നങ്ങൾക്കും ഡിസൈനുകൾക്കും ഇറക്കുമതിയെ മാത്രം ആശ്രയിക്കുന്നത് കുറയ്ക്കാൻ കഴിയും എന്നതിനാൽ കയറ്റുമതിക്കാർക്കും ഇന്ത്യൻ റീട്ടെയിലർമാർക്കും ഇത് ഒരു തുല്യ വിജയം സമ്മാനിക്കുന്ന സാഹചര്യമായിരിക്കും.

ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെകോർ, ഹോം ഫർണീച്ചേഴ്സ്, വീട്ടുപകരണങ്ങൾ, സമ്മാനങ്ങൾ എന്നിവയുടെ മുഴുവൻ ശ്രേണിയിലും ആഭ്യന്തര വിപണിയിലെ വളർച്ച സുഗമമാക്കാൻ എച്ച്ജിഎച്ച് ഇന്ത്യ സുസജ്ജമായിരിക്കുന്നു. 25,000–ത്തിലധികം റീട്ടെയിലർമാർ ഇതിനകം മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ, 2022 ഡിസംബർ 13–16 വരെയുള്ള നാല് ദിവസത്തെ ട്രേഡ് എക്സിബിഷൻ വരാനിരിക്കുന്ന 2023 ലെ സ്പ്രിംഗ്/സമ്മർ റീട്ടെയിൽ സീസണിൽ ബിസിനസ് പ്രവർത്തനങ്ങൾ മുംബൈയിലേക്ക് കൊണ്ടുവരും എന്നുറപ്പാണ്.

# പ്രദർശനത്തിന് നിരവധി സ്പെഷ്യലൈസ്ഡ് ഗ്രൂപ്പുകൾ

ഇന്ത്യൻ റീട്ടെയിലർമാർ, വിതരണക്കാർ, ഇന്റീരിയർ ഡിസൈനർമാർ, ഇൻസ്റ്റിറ്റ്യൂഷണൽ ബയേഴ്സ് എന്നിവർക്ക് വലിയ സോഴ്സിംഗ് അവസരങ്ങൾ തുറന്നുകൊടുത്തുകൊണ്ട് പ്രമുഖ ഇന്റർനാഷണൽ, ഇന്ത്യൻ ട്രേഡ് പ്രൊമോഷൻ ഏജൻസികൾ നിരവധി ദേശീയ അന്തർദേശീയ ഗ്രൂപ്പ് പങ്കാളിത്തങ്ങളും ഇവിടെ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. എച്ച്ജിഎച്ച് ഇന്ത്യ വീണ്ടും ബയേഴ്സിനെ ഇതുവരെ തങ്ങൾ പര്യവേക്ഷണം ചെയ്യാത്ത സർഗ്ഗാത്മകത, ഉൽപന്ന നവീകരണങ്ങൾ, ഡിസൈനർമാർ, കരകൗശല വിദഗ്ധർ എന്നിവയുമായി ബന്ധിപ്പിക്കും.

ഇറ്റാലിയൻ നാഷണൽ പവലിയനെ പ്രതിനിധീകരിക്കുന്ന ഇറ്റാലിയൻ ട്രേഡ് ഏജൻസി, ഹോം



ഇപിസിഎച്ച് പവലിയൻ

ഫർണിച്ചറുകൾ, ഡെക്കറേറ്റീവ് ഗ്ലാസ്‌വെയർ, പോർസലൈൻ, ആർട്ടിഫാക്റ്റുകൾ, ഡെക്കറേറ്റീവ് മെറ്റീരിയലുകൾ, വാൾ ഡെകോർ, വുഡൻ ഫ്ലോറിംഗ്, ഇന്റീരിയർ ഡിസൈൻ ആശയങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലായി 10 മികച്ച ഡിസൈനർമാരെയും നിർമ്മാതാക്കളെയും പങ്കെടുപ്പിക്കുന്നുണ്ട്.

എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാൻഡ്ക്രാഫ്റ്റ്സ് (ഇപിസിഎച്ച്) ഡെൽഹി, മൊറാദാബാദ്, ആഗ്ര, സഹാറൻപൂർ, ഖുർജ, ജോധ്പൂർ, ജയ്പൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നുള്ള 20 എക്സിബിറ്റർമാരുടെ ഒരു ഗ്രൂപ്പിനെ സംഘടിപ്പിച്ച് പ്രദർശത്തിൽ പങ്കെടുക്കുന്നുണ്ട്. അവരിൽ പലരും എച്ച്ജിഎച്ച് ഇന്ത്യയിൽ ആദ്യമായി പങ്കെടുക്കുന്നവരാണ്. നോർത്ത് ഈസ്റ്റ് സെന്റർ ഫോർ ടെക്നോളജി ആൻഡ് റിസർച്ച് (നെക്ടാർ ) മുള, ചൂരൽ, മരം, പട്ട്, പ്രകൃതിദത്ത മുത്തുകൾ, സ്റ്റോണുകൾ തുടങ്ങിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച, ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖലയിൽ നിന്നുള്ള കരകൗശല വസ്തുക്കളുടെ വൈവിധ്യമാർന്ന ഉൽപന്നങ്ങൾ പ്രദർശിപ്പിക്കും. ഡൽഹിയിലെ നാഷണൽ ഡിസൈൻ സെന്റർ, ഇന്ത്യയിലുടനീളമുള്ള ഇന്ത്യൻ കരകൗശല വിദഗ്ധരുടെ വിവിധ കരകൗശലങ്ങളുടെ മോഡേൺ അഡാപ്റ്റേഷനുകളുമായി ബന്ധിപ്പിക്കുന്നതാണ്. ഭദോഹി, വാരണാസി, ആഗ്ര, ജയ്പൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നുള്ള, കൈ കൊണ്ട് മികച്ച പരവതാനി നിർമ്മിക്കുന്നവർക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർപെറ്റ് ടെക്നോളജി ആണ് ആതിഥേയത്വം വഹിക്കുന്നത്. നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻഎച്ച്ഡിസി ) കൈത്തറി നെയ്ത്തുകാർക്കും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുഷ്യൻ കവറുകൾ, ബെഡ് കവറുകൾ, കർട്ടനുകൾ, ടേബിൾ, കിച്ചൺ ലിനൻ തുടങ്ങിയ കൈകൊണ്ട് നെയ്യുന്ന ഹോം ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾക്കും പിന്തുണയുമായി രംഗത്തുണ്ട്.

എച്ച്ജിഎച്ച് ഇന്ത്യയിലെ കിഡ്സ് ഹോം വിഭാഗത്തിൽ ആദ്യമായി കൈകൊണ്ട് നിർമ്മിച്ച കളിപ്പാട്ടങ്ങളുടെ സാന്നിധ്യവും ഇപിസിഎച്ച് ഉറപ്പാക്കിയിട്ടുണ്ട്.

ഇന്നോവേഷൻ ▪ ട്രെൻഡ്സ് ▪ ഉൽപന്നങ്ങൾ ▪ സ്രോതസ്സുകൾ ▪ അവസരങ്ങൾ

# എച്ച്ജിഎച്ച് ഇന്ത്യയിലെ ശ്രദ്ധാകേന്ദ്രം

എച്ച്ജിഎച്ച് ഇന്ത്യ എല്ലായ്പ്പോഴും ബിസിനസ്സ് വളർച്ചയുടെയും ഇന്ത്യൻ വിപണിയിൽ ഉയർന്ന വളർച്ച സാധ്യതയുള്ള പ്രത്യേക വിഭാഗങ്ങളുടെയും പ്രേരക ശക്തിയായും ഉത്തേജകവുമായും പ്രവർത്തിച്ചിട്ടുണ്ട്. എക്സിബിറ്റർമാരുടെയും യോഗ്യതയുള്ള ട്രേഡ് ബയേഴ്സിന്റെയും പ്രയോജനത്തിനായി ഈ ശ്രമങ്ങൾ തുടരുന്നതിലൂടെ, എച്ച്ജിഎച്ച് ഇന്ത്യയുടെ 12–ാമത് എഡിഷൻ, ഇതുവരെ പ്രയോജനപ്പെടുത്താത്ത ബിസിനസ് സാധ്യതകളുള്ള ചില പ്രത്യേക വിഭാഗങ്ങളിലേക്ക് ഇനിയും ശ്രദ്ധ കേന്ദ്രീകരിക്കും. വേൾഡ് ഓഫ് സ്ലീപ്പ്, ഹോം ഫർണിച്ചർ, സ്മാർട്ട് കിച്ചൻ, വാൾ ആൻഡ് വിൻഡോസ്, കിഡ്സ് ഹോം എന്നിവയാണ് ഈ പുതിയ രംഗങ്ങൾ.

## വേൾഡ് ഓഫ് സ്ലീപ്പ്

a joint initiative by HGH INDIA

എച്ച്ജിഎച്ച് ഇന്ത്യയുടെ കഴിഞ്ഞ രണ്ട് പതിപ്പുകളിലെ വേൾഡ് ഓഫ് സ്ലീപ്പ് പവലിയന്റെ സംരംഭം സന്ദർശകരിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിരുന്നു. സ്ലീപ്പ് ഇൻഡസ്ട്രിയിലെ ഏറ്റവും പുതിയ ട്രെൻഡുകൾക്കും നൂതന ആശയങ്ങൾക്കും സാക്ഷ്യം വഹിക്കാനുള്ള ഒരു ട്രെൻഡിംഗ് അവസരമെന്ന നിലയിൽ ഇത് വ്യാപകമായി അഭിനന്ദനം നേടിയിരുന്നു.

സ്ലീപ്പ് വെൽ, കുർൾ-ഓൺ, സ്പ്രിംഗ്ഫിറ്റ്, സെഞ്ചുറി, സെർട്ട, സിമോൺ, സ്പ്രിംഗ് എയർ, സ്ലീപ്പ് മാക്സ്, റീപോസ്, ലിബ്ര തുടങ്ങിയ പ്രമുഖ ബ്രാൻഡുകൾ എച്ച്ജിഎച്ച് ഇന്ത്യയുടെ വരാനിരിക്കുന്ന 12–ാം പതിപ്പിൽ വേൾഡ് ഓഫ് സ്ലീപ്പിനെ തുടർന്നും പിന്തുണയ്ക്കുന്നതാണ്. മൂന്നാമത്തെ തവണ, വേൾഡ് ഓഫ് സ്ലീപ്പ് സന്ദർശകർക്ക് ആരോഗ്യകരമായ ഉറക്കത്തിന്റെ സവിശേഷതയായ സാങ്കേതിക വിദ്യാധിഷ്ഠിതമായ നവീകരണങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകും. കൂടാതെ, കോംഫി, അമോറ, ആർഡിപി ഫോം, ഫേമസ് ഫോം തുടങ്ങിയ വളർന്നു വരുന്ന നിരവധി ബ്രാൻഡുകളും നിർമ്മാതാക്കളും അവരുടെ വ്യക്തിഗത യുഎസ്പികൾ അവതരിപ്പിച്ചുകൊണ്ട് രംഗത്തുണ്ടാകും.



എച്ച്ജിഎച്ച് ഇന്ത്യയും ഇന്ത്യൻ സ്ലീപ്പ് പ്രൊഡക്ട്സ് ഫെഡറേഷനും (ഐഎസ്പിഎഫ്), വേൾഡ് ഓഫ് സ്ലീപ്പും ചേർന്നുള്ള സംയുക്ത സംരംഭം, വിവിധ വിഭാഗങ്ങളിലുള്ള ഉറക്ക ഉൽപന്നങ്ങളിലെ പുതുമകളും സാങ്കേതിക പ്രവണതകളും മനസ്സിലാക്കാൻ സന്ദർശകരെ സഹായിക്കും.

നല്ല ഉറക്കം നല്ല ആരോഗ്യത്തിലേക്ക് നയിക്കുന്നു, ഇത് സാർവത്രികമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എച്ച്ജിഎച്ച് ഇന്ത്യയിലെ വേൾഡ് ഓഫ് സ്ലീപ്പ് പവലിയൻ, മെത്തകൾ, തലയിണകൾ, ബ്ലാങ്കറ്റുകൾ, കംഫർട്ടറുകൾ തുടങ്ങിയ ഉറക്ക ഉൽപ്പന്നങ്ങളിലെ പുതുമകളെക്കുറിച്ച് റീട്ടെയിലർമാർക്കും ചാനൽ പങ്കാളികൾക്കും ഉപയോഗപ്രദമായ വിവരങ്ങൾ നൽകും. പ്രധാനപ്പെട്ട ഉറക്ക ഉൽപ്പന്നങ്ങളുടെ മികച്ച നിലവാരത്തിന് പുറമേ, ബ്രാൻഡുകളും നിർമ്മാതാക്കളും നല്ല നിലവാരമുള്ള ഉറക്കം ഉറപ്പാക്കുന്നതിൽ സഹായകമായ മാട്രസ് പ്രൊട്ടക്ടേഴ്സ്, സ്ലീപ്പിംഗ് ബാഗുകൾ, സ്ലീപ്പിംഗ് പോഡുകൾ, സ്ലീപ്പിംഗ് ഗാഡ്ജെറ്റുകൾ, ശരിയായ സംഗീതം, വെളിച്ചം, മുറിയിലെ താപനില, നിറങ്ങൾ, സുഗന്ധങ്ങളും സൗരഭ്യങ്ങളും, എയർ പ്യൂരിഫയറുകൾ തുടങ്ങിയവയുടെ പ്രാധാന്യം വ്യക്തമാക്കും.

എച്ച്ജിഎച്ച് ഇന്ത്യയിലെ വേൾഡ് ഓഫ് സ്ലീപ്പ് പവലിയൻ ചില്ലറ വ്യാപാരികളെയും ട്രേഡ് വിസിറ്റേഴ്സിനെയും ഉറക്ക ഉൽപ്പന്നങ്ങളിലെ ഉയർന്നു വരുന്ന ട്രെൻഡുകളെക്കുറിച്ച് ബോധവൽക്കരിക്കുകയും വ്യക്തിഗത ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉറക്ക പരിഹാരങ്ങളെക്കുറിച്ച് ഉപയോക്താക്കൾക്ക് മികച്ച വിവരങ്ങൾ നൽകുന്നതിന് അവരെ സജ്ജരാക്കുകയും ചെയ്യും.

വേൾഡ് ഓഫ് സ്ലീപ്പ് പവലിയനിൽ, വിദഗ്ധർ നല്ല നിലവാരമുള്ള ഉറക്കത്തെക്കുറിച്ചും മെച്ചപ്പെട്ട ആരോഗ്യത്തിൽ അതിനുള്ള പങ്കിനെകുറിച്ചും, ഉറക്ക ശുചിത്വം, സുഖസൗകര്യങ്ങൾ, കുറഞ്ഞ മാനസിക സമ്മർദ്ദം, ഉൽപ്പാദനക്ഷമത എന്നിവയിൽ അതിന്റെ പ്രസക്തിയും സംബന്ധിച്ച ഗവേഷണ കണ്ടെത്തലുകൾ പങ്കിടും. ഉപഭോക്താക്കൾ ഇന്ന് അവരുടെ വ്യക്തിഗത ആവശ്യങ്ങൾക്കായി മികച്ച സ്ലീപ്പിംഗ് സൊല്യൂഷനുകൾ തേടിക്കൊണ്ടിരിക്കുകയാണ്. ചില്ലറ വ്യാപാരികൾ അവരുടെ ആവശ്യങ്ങൾക്കൊപ്പം സഞ്ചരിച്ചേ മതിയാകൂ.

ചില്ലറ വ്യാപാരികൾക്ക് ഉൽപ്പന്നങ്ങളുടെ തനതായ സവിശേഷതകൾ മനസ്സിലാക്കാൻ ബ്രാൻഡുകളുമായും അവയുടെ നിർമ്മാതാക്കളുമായും നേരിട്ട് ബന്ധപ്പെടാനുള്ള ഒരു സവിശേഷ അവസരമാണ് വേൾഡ് ഓഫ് സ്ലീപ്പ്.

ഓരോ സെഷനിലും 20 മിനിറ്റ് ദൈർഘ്യമുള്ള, പ്രൊഫഷണൽ ടീമിന്റെ സൗജന്യ റീട്ടെയിലർ പരിശീലന സെഷനുകളാണ് ഈ പവലിയന്റെ മറ്റൊരു ആകർഷണം. സീറ്റുകൾ പരിമിതമായതിനാൽ, എച്ച്ജിഎച്ച് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത എല്ലാ സന്ദർശകർക്കും ഈ സെമിനാറുകൾക്കായി രജിസ്റ്റർ ചെയ്യാം. നിങ്ങൾ ഇതിനകം ഒരു സന്ദർശകനായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സെമിനാറിനായി രജിസ്റ്റർ ചെയ്യുന്നതിന് ചുവടെയുള്ള ലിങ്കിൽ ക്ലിക്കുചെയ്യുക.

https://docs.google.com/forms/d/e/1FAIpQLSdM_7kzKDRJWhI93_EtCoGdECbyeqJ9syWyyLERD0LI9Rkabw/viewform

നിങ്ങൾ ഇനിയും ഒരു സന്ദർശകനായി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, ദയവായി ഇവിടെ https://www.hghindia.com/eng/otp-registration/ ൽ ക്ലിക്ക് ചെയ്ത് 2022 ഡിസംബർ 5–ന് മുമ്പ് രജിസ്റ്റർ ചെയ്ത് 1,000 രൂപയുടെ സ്പോട്ട് രജിസ്ട്രേഷൻ ചാർജുകൾ ലാഭിക്കാം . ഇതിനുശേഷം മുകളിലെ ലിങ്കിൽ പരിശീലന സെഷനിനു വേണ്ടി രജിസ്റ്റർ ചെയ്യാം.

## ഹോം ഫർണീച്ചർ

an initiative by HGH India

വരാനിരിക്കുന്ന എഡിഷനിൽ, വീടിന്റെ പ്രവർത്തനക്ഷമതയും അലങ്കാരവും മെച്ചപ്പെടുത്തുന്നതിനായി എച്ച്ജിഎച്ച് ഇന്ത്യ അതിന്റെ ഹോം ഫർണിച്ചറുകളുടെ ശ്രേണി കൂടുതൽ വിപുലീകരിക്കും. ഹോം ഫർണിച്ചറുകളുടെ ഉയർന്നു വരുന്ന എല്ലാ ട്രെൻഡുകളും ഒരു സമർപ്പിത ഹോം ഫർണിച്ചർ പവലിയനിലൂടെ പ്രദർശിപ്പിക്കുന്നതാണ്.

ഹാൾ 1–ലെ ഇറ്റാലിയൻ നാഷണൽ പവലിയനിലെ 10 ഇറ്റാലിയൻ എക്സിബിറ്റർമാരിൽ നാലെണ്ണം മേശകൾ, കസേരകൾ, സോഫകൾ, കാബിനറ്റുകൾ, വുഡൻ ഫ്ലോർ, കസ്റ്റമൈസ്ഡ് ഫർണിച്ചറുകൾ തുടങ്ങിയ നന്നായി രൂപകൽപ്പന ചെയ്ത ഹോം ഫർണിച്ചറുകൾ പ്രദർശിപ്പിക്കും.

സമയ പരിമിതിയുള്ള ഉപഭോക്താക്കൾ ഒരു മേൽക്കൂരക്കുള്ളിൽ തന്നെ സമ്പൂർണ്ണ ഹോം ഡെകോർ പരിഹാരങ്ങൾ തേടുമ്പോൾ, ഹോം വിഭാഗങ്ങളിലുടനീളമുള്ള റീട്ടെയിലർമാർ അവരുടെ സ്റ്റോറുകളിൽ ഹോം ഫർണിച്ചറുകൾ മുഴുവൻ ചേർക്കാൻ താൽപ്പര്യപ്പെടുന്നുണ്ട്. ഫർണിഷിംഗ്, ഹോം ഡെക്കോർ ആൻഡ് ഫർണിച്ചർ റീട്ടെയിലർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ, വിതരണക്കാർ, താൽപ്പര്യമുള്ള ഫ്രാഞ്ചൈസികൾ എന്നിവർക്ക് ഇന്ത്യൻ, ഇൻറർനാഷണൽ ബ്രാൻഡുകളിൽ നിന്നും നിർമ്മാതാക്കളിൽ നിന്നും ഉള്ള ആധുനികവും പരമ്പരാഗതവുമായ ആക്സന്റ് ഫർണിച്ചറുകൾ പര്യവേക്ഷണം ചെയ്യാനുള്ള അവസരം ലഭിക്കും.



ഹോം ഫർണിച്ചറുകളിൽ ലിവിംഗ് റൂം, ഡൈനിംഗ് റൂം, കിടപ്പുമുറി, അടുക്കള, പഠനമുറി, കുളിമുറി, ഹോം ഓഫീസ് ഫർണിച്ചറുകൾ, ആക്സന്റ് ഫർണിച്ചറുകൾ, ഔട്ട്ഡോർ ആൻഡ് ലെഷർ ഫർണിച്ചറുകൾ എന്നിവയുടെ കംപ്ലീറ്റ് റേഞ്ച് ഉൾപ്പെടുന്നു. ഇതിൽ സോഫകൾ, റിക്ലൈനറുകൾ, ഡൈനിംഗ് ടേബിളുകൾ, കിടക്കകൾ, വാർഡ്രോബുകൾ, കോഫി ടേബിളുകൾ, കൺസോളുകൾ, ക്യാബിനറ്റുകൾ, സൈഡ് ടേബിളുകൾ, ഹോം ഓഫീസ് ടേബിളുകൾ, കസേരകൾ, ബീൻ ബാഗുകളും പഫുകളും, റോക്കിംഗ് ചെയേഴ്സ്, സ്റ്റൂളുകൾ, ഊഞ്ഞാൽ, കുട്ടികളുടെ ഫർണിച്ചറുകൾ, ഗാർഡൻ ഫർണിച്ചറുകൾ, ഔട്ട്ഡോർ ഫർണിച്ചറുകൾ, റാക്കുകളും ട്രോളികളും, ബാർ കാബിനറ്റുകളും സ്റ്റോറേജ് ചെസ്റ്റുകളും, ഡ്രെസ്സറുകളും മിററുകളും, ബുക്ക് ഷെൽഫുകളും മാഗസിൻ ഹോൾഡറുകളും, ഷോകേസുകളും ഡിസ്പ്ലേ യൂണിറ്റുകളും തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

മരം, മുള, ചൂരൽ, പ്ലാസ്റ്റിക്, റാറ്റൻ, ഇരുമ്പ്, സ്റ്റീൽ, ബ്രാസ്സ്, ഗ്ലാസ്, സ്റ്റോൺ, അക്രിലിക്, റീസൈക്കിൾഡ് വസ്തുക്കൾ തുടങ്ങിയവയിൽ ഉണ്ടായ സാങ്കേതിക മുന്നേറ്റങ്ങൾ അത്യാധുനിക ഫർണിച്ചറുകൾ സൃഷ്ടിക്കുന്നതിനു വഴി തെളിയിച്ചിട്ടുണ്ട്...

വർദ്ധിച്ചുവരുന്ന നഗരവൽക്കരണം, ചെറിയ വീടുകൾ, വാടക താമസ സൗകര്യങ്ങൾ എന്നിവ ഇന്ത്യൻ ഉപഭോക്താക്കളുടെ ഫർണിച്ചർ വാങ്ങൽ രീതിയെ സ്വാധീനിക്കുന്നു. കുറഞ്ഞ ചെലവിൽ ഇടയ്ക്കിടെ തങ്ങളുടെ വീടിന്റെ രൂപം പുനർനിർമ്മിക്കാനാണ് ഇന്ന് ആളുകൾ താൽപര്യപ്പെടുന്നത്.

ഇന്ന് ഉപഭോക്താക്കൾ റെഡിമെയ്ഡ് ഫർണിച്ചറുകളും സോഫ്റ്റ് ഫർണിച്ചറുകളും പരസ്പരം ഏകോപിപ്പിച്ച് ഉപയോഗിക്കാനാണ് ഇഷ്ടപ്പെടുന്നത്. മഹാമാരിക്ക് ശേഷമുള്ള കാലഘട്ടത്തിൽ, ഹോം–ഓഫീസ് എന്ന ആശയത്തിന് പ്രാധാന്യം കൈവന്നതോടെ സ്ഥലം ലാഭിക്കുന്ന ഫർണിച്ചറുകളുടെ ആവശ്യകതയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

കംപ്ലീറ്റ് ഹോം സ്റ്റോറുകൾ, ഫർണിഷിംഗ് സ്റ്റോറുകൾ, ഹോം ഡെക്കോർ സ്റ്റോറുകൾ, ഓൺലൈൻ റീട്ടെയിലേഴ്സ് എന്നിവ പരമ്പരാഗത ഫർണിച്ചർ സ്റ്റോറുകൾക്കും കസ്റ്റമൈസേഷനും അപ്പുറമായി ഫർണിച്ചർ വാങ്ങുന്നതിനുള്ള പുതിയ ലക്ഷ്യസ്ഥാനങ്ങളായി മാറുകയാണ്.

ഹൗസ്‌വെയർ | സ്റ്റോറേജ് | ടേബിൾവെയർ | കുക്ക്‌വെയർ | കിച്ചൻ അപ്ലിയൻസസ്

## സ്മാർട്ട് കിച്ചൻ

an initiative by HGH India

എച്ച്ജിഎച്ച് ഇന്ത്യയുടെ ഈ എഡിഷനിലും അടുക്കളകൾ കൂടുതൽ ശക്തിയോടെ മുന്നിൽ നിൽക്കും. വണ്ടർ ഷെഫ്, ഗ്ലെൻ, ഹോക്കിൻസ്, യൂ-കുക്ക്, യുണൈറ്റഡ് ഏക്ത, സഞ്ജീവ് കപൂർ, റെന, ഫിസ്കാർസ്, നോൾട, ആവ്കെനോക്സ്, വികാസ്, ബ്രില്യന്റ്, ശ്രീ ആൻഡ് സാം, റോക്ക തുടങ്ങിയ മാർക്കറ്റ് ലീഡർമാർ മെച്ചപ്പെട്ട ഡിസൈനുകളിലുള്ളതും പാചകത്തിലും കിച്ചൻ മാനേജ്മെന്റിലും സൗകര്യപ്രദവും മികച്ച പ്രവർത്തനക്ഷമതയും അതിലേറെയും ഉള്ള തങ്ങളുടെ നൂതന ഉൽപന്നങ്ങൾ അവതരിപ്പിക്കും. സന്ദർശകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ സമ്പൂർണ്ണ ശ്രേണി മനസ്സിലാക്കാനും കാണാനും കഴിയും.

ഇന്ത്യൻ കുടുംബങ്ങൾക്കിടയിൽ സ്മാർട്ട് അടുക്കളകൾ ഒരു യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ മോഡുലാർ കിച്ചണുകൾ സ്മാർട്ട് വീട്ടുപകരണങ്ങൾ, ഗാഡ്ജെറ്റുകൾ, വോയ്സ് അസിസ്റ്റന്റ് എന്നിവ ഉപയോഗിച്ച് കൂടുതൽ ഇന്റലിജന്റ് ആയി മാറിയിരിക്കുന്നു. കുക്ക്‌വെയർ, കിച്ചൺവെയർ നിർമ്മാതാക്കളും മികച്ച ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ തയ്യാറായിരിക്കുകയാണ്. മോഡുലാർ കിച്ചണുകൾ, അടുക്കള ഉപകരണങ്ങൾ, കുക്ക്‌വെയർ, കിച്ചൺവെയർ എന്നിവയിൽ വേഗമേറിയതും ആരോഗ്യകരവും പരിസ്ഥിതി സൗഹൃദവും കൂടുതൽ സൗകര്യപ്രദവുമായ പാചകത്തിനായി എച്ച്ജിഎച്ച് ഇന്ത്യ 2022 ശ്രദ്ധ കേന്ദ്രീകരിക്കും.

ഇന്ത്യയിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള ബ്രാൻഡുകളും നിർമ്മാതാക്കളും അവതരിപ്പിക്കുന്ന പുതുമകളെക്കുറിച്ച് സ്മാർട്ട് കിച്ചൻ പവലിയൻ റീട്ടെയിലർമാർ, വിതരണക്കാർ, ട്രേഡ് ബയേഴ്സ് എന്നിവർ വിലയിരുത്തും. മോഡുലാർ കിച്ചണുകൾ, കുക്കിംഗ്, കുക്ക്‌വെയർ, അടുക്കള



പാത്രങ്ങൾ, അടുക്കള ഉപകരണങ്ങൾ എന്നിവയിൽ വരാനിരിക്കുന്ന ട്രെൻഡുകളെയും ഉൽപ്പന്ന നവീകരണങ്ങളെയും കുറിച്ച് മനസ്സിലാക്കാൻ ഇത് അവരെ സഹായിക്കും.

അരിയുന്നത് മുതൽ ചിരകുന്നതു വരെ, വൃത്തിയാക്കൽ മുതൽ ഭക്ഷണം തയ്യാറാക്കൽ വരെ, ഭക്ഷ്യ സംസ്കരണം, ബേക്കിംഗ്, ആവിയിൽ വേവിക്കൽ അല്ലെങ്കിൽ വഴറ്റൽ, തിളപ്പിക്കൽ, റോസ്റ്റിംഗ്, ടോസ്റ്റിംഗ്, ഐസിംഗ് മുതൽ അലങ്കാരം വരെ... എല്ലാ അടുക്കള പ്രവർത്തനങ്ങൾക്കും ആവശ്യമായ വസ്തുക്കളുടെ മെറ്റീരിയലുകൾ, പ്രക്രിയകൾ, സൗകര്യങ്ങൾ, സുഖസൗകര്യങ്ങൾ എന്നിവയിലെ വിപ്ലവത്തിന് ഇവിടെ സാക്ഷ്യം വഹിക്കാം. ഓട്ടോമേഷൻ, ന്യൂട്രീഷൻ, ശുചിത്വം, ആരോഗ്യം, പരിസ്ഥിതി എന്നിവയാണ് പാചകത്തിലെ പുതിയ കീവേഡുകൾ.

ഭക്ഷ്യ സംഭരണം, തയ്യാറാക്കൽ, സംസ്കരണം, വിളമ്പൽ എന്നിവയുടെ എല്ലാ ഘട്ടങ്ങളിലും ശുചിത്വവും ആരോഗ്യ സുരക്ഷയും നവീന ആശയങ്ങളെ നയിക്കുന്ന പുതിയ ആവശ്യങ്ങളാണ്.

എച്ച്ജിഎച്ച് ഇന്ത്യ 2022–ൽ, സ്മാർട്ട് കിച്ചണിനായുള്ള ഒരു പ്രത്യേക പവലിയൻ റീട്ടെയിലർമാർക്കും ട്രേഡ് വിസിറ്റേഴ്സിനും പുതിയ വിവരങ്ങൾ നൽകാനായി വരാനിരിക്കുന്ന ട്രെൻഡുകൾ പ്രദർശിപ്പിക്കും.

## വാൾസ് & വിൻഡോസ്

an initiative by HGH India

ഉപഭോക്താക്കൾ അവരുടെ വീടുകളുടെ ഉൾവശങ്ങളിലേക്കായി മികച്ച ശൈലിയും സൗകര്യവും തിരഞ്ഞെടുക്കുമ്പോൾ, അവരുടെ ചുവരുകളിലും ജനലുകളിലും ദൃശ്യഭംഗിയും പ്രവർത്തനക്ഷമതയും സംയോജിപ്പിക്കുന്നതിന് നൂതനമായ മെറ്റീരിയലുകളും സാങ്കേതികവിദ്യകളും തേടുന്നു. ലളിതമായ വാൾപേപ്പറുകൾ, ബ്ലൈൻഡ്സ്, കർട്ടനുകൾ എന്നിവയിൽ നിന്ന് ഓട്ടോമേഷൻ, നൂതനമായ സൺ പ്രൊട്ടക്ഷൻ സാമഗ്രികൾ, വ്യക്തിഗതമാക്കിയ ഡിസൈനുകൾ, ഒരാളുടെ അഭിരുചിയുടെയും വ്യക്തിത്വത്തിന്റെയും പ്രകടനമായ സാമഗ്രികൾ എന്നിവയിലേക്ക് ഉപഭോക്തൃ ശ്രദ്ധ മാറിക്കൊണ്ടിരിക്കുകയാണ്..

വാൾപേപ്പറുകൾ, ബ്ലൈന്റുകൾ, കർട്ടനുകൾ, വാൾ ഫിനിഷുകൾ, വിൻഡോ ഓട്ടോമേഷൻ എന്നിവ ഇന്ത്യയിൽ അതിവേഗം വളരുന്ന വിഭാഗങ്ങളാണ്. ഇന്ത്യൻ ഫർണിഷിംഗ് വിപണിയിലെ ഏറ്റവും പഴയ വിഭാഗങ്ങളിലൊന്നായതിനാൽ, വാൾസ് ആൻഡ് വിൻഡോസ് ആധുനിക ഡിസൈനുകൾ, ടെക്നോളജി, ഫങ്ഷണൽ ഹാർഡ്‌വെയർ എന്നിവ ചേർത്ത് പുനർനിർമ്മിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. വാൾപേപ്പറുകൾക്കും ഡിജിറ്റൽ പ്രിന്റിംഗിനും മികച്ച ഡിസൈനുകളും മെച്ചപ്പെട്ട മെറ്റീരിയലുകളും പോലെയുള്ള ആധുനികതയുടെ സ്പർശം അനിവാര്യമാണ്. എക്കോണമി,



പ്രീമിയം, ലക്ഷ്വറി എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന ഡെക്കറേറ്റീവ് ആശയങ്ങളുടെയും പുതിയ മെറ്റീരിയലുകളുടെയും കടന്നു വരവ് ഇവിടെ അനുഭവിച്ചറിയാവുന്നതാണ്. വാൾപേപ്പറുകൾ, ബ്ലൈൻഡ്സ്, കർട്ടനുകൾ, വിൻഡോ ട്രീറ്റ്മെന്റുകൾ എന്നിവ പോലുള്ള ഉൽപ്പന്നങ്ങളിൽ റീട്ടെയിലർമാർക്കും വിതരണക്കാർക്കും ഈ നവീകരണങ്ങൾ ഈ രംഗത്തെ ഗെയിം ചേഞ്ചറുകൾ ആയി തിരിച്ചറിയാൻ സാധിക്കും.

ഈ വിഭാഗങ്ങളിലെ ഇന്ത്യൻ നവീന ആശയങ്ങളെയും ആഗോള മുന്നേറ്റങ്ങളെയും വാൾസ് ആൻഡ് വിൻഡോസ് ഉയർത്തിക്കാട്ടും.

വാൾസ് ആൻഡ് വിൻഡോസിലെ പ്രമുഖരായ എക്സ്ബിറ്റേഴ്സ് ഇവരാണ്: മൈക്രോ ഫൈബർ, ആശാദീപ്, ഹോം ഫാബ്രിക്സ്, വിയെന്റോ, വലം ഫാബ്രിക്സ്, വലം ഹോം ഡെക്കോർ (കർട്ടനുകളും കർട്ടൻ തുണികളും) വിയന്റോ, നോവ, ജി.ഡി. ഗുപ്ത, സിപ്കോ, വിഷൻ ബ്ലൈൻഡ്സ്, ഇന്റിമ ഡെക്കോർ, ഒമിക്റോൺ ട്രയോണിക്സ്, ഫ്ലോവിൻ (ബ്ലൈൻഡ്സ്) മാർഷൽ, ഡി–വാൾ, മുൻഷി, എസ്.സി.ഷേത്ത്, എക്സിമസ് (വാൾപേപ്പർ), കോഹിനൂർ, ഡോൾഫിൻ, 567, ആർ.ടി. ഇന്റർനാഷണൽ, വിർട്ടി, ഹെവ (കർട്ടൻ റോഡ്സ് , ബ്ലൈൻഡ് കോംപോണന്റ്സ്) എന്നിവരും ഇവരെ കൂടാതെ മറ്റു പലരും.

## കിഡ്സ് ഹോം

an initiative by HGH India

**ഇന്ത്യൻ യുവ മാതാപിതാക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലിയും ഷോപ്പിംഗ് ശീലങ്ങളും അനുസരിച്ച്, കുട്ടികൾക്കായുള്ള ഈ വിഭാഗത്തിലെ ബ്രാൻഡുകളും നിർമ്മാതാക്കളും കിഡ്സ് സ്റ്റോർ അല്ലെങ്കിൽ ടോയ്സ് സ്റ്റോർ എന്ന സങ്കൽപ്പത്തിനപ്പുറത്തേക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളെ കൊണ്ടെത്തിക്കാൻ അവരുടെ റീട്ടെയിൽ, വിതരണ തന്ത്രം പുനർനിർവചിക്കേണ്ടതുണ്ട്.**

ഇന്ത്യയിലെ കിഡ്സ് ഹോം മാർക്കറ്റ് അതിവേഗം വളരുകയും രക്ഷിതാക്കൾ മികച്ച നിലവാരമുള്ള, ശിശുസൗഹൃദ ഉൽപ്പന്നങ്ങൾ തേടുകയും ചെയ്യുമ്പോൾ, ഈ വിഭാഗം പുതിയ അവസരങ്ങളുടെ വാതിലുകൾ തുറന്നു തരുന്നു.

ബെഡ് ആൻഡ് ബാത്ത്, ഫർണിച്ചർ, ഡെകോർ, ഫ്ലോറിംഗ്, ടോയ്സ്, പ്രാംസ്, ഹോബീസ്, ഹോം ആക്റ്റിവിറ്റികൾ, ഔട്ട്ഡോർ, സ്പോർട്സ് ആൻഡ് അഡ്വെഞ്ചർ, ബാത്ത്റൂം ആക്സസറികൾ, വീട്ടുപകരണങ്ങൾ, ആരോഗ്യവും ശുചിത്വവും എന്നിങ്ങനെ കുട്ടികൾക്കു വേണ്ടതായ വീട്ടുപകരണങ്ങൾക്കായി എച്ച്ജിഎച്ച് ഇന്ത്യ 2022 ഒരു പ്രത്യേക വിഭാഗം തന്നെ അവതരിപ്പിക്കും.

ഈ വിഭാഗത്തിലെ നൂതനവും മികച്ച ഡിസൈനുകളിലുള്ളതും നല്ല നിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ ഡിമാൻഡ് ഇന്ത്യയിൽ പ്രതിവർഷം 15% കണ്ട് വർധിച്ചുവരികയാണ്. ഒപ്പം ഉപഭോക്താക്കളുടെ ഷോപ്പിംഗ് ശീലങ്ങളും ഒരു പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അവരുടെ പതിവ് ഗാർഹിക വാങ്ങലുകൾക്കൊപ്പം തന്നെ കുട്ടികളുടെ ഉൽപ്പന്നങ്ങൾ വാങ്ങി സമയം ലാഭിക്കുവാൻ ഉപഭോക്താക്കൾ താൽപ്പര്യപ്പെടുന്നു. സ്പെഷ്യലൈസ്ഡ് കിഡ്സ് സ്റ്റോറുകൾ കൂടാതെ, സാധാരണ ഹോം ടെക്സ്റ്റൈൽസ്, ഫർണിച്ചറുകൾ, ഹൗസ്‌വെയർ റീട്ടെയിലർമാർ, വൻകിട സ്റ്റോറുകൾ എന്നിവരും അവരുടെ കിഡ്സ് സെക്ഷൻ വിപുലീകരിക്കാൻ താൽപ്പര്യപ്പെടുന്നു. അവരിൽ ഭൂരിഭാഗവും എച്ച്ജിഎച്ച് ഇന്ത്യയിലെ സ്ഥിരം സന്ദർശകരാണ്.

കുട്ടികൾ അവരുടെ ഗാഡ്ജെറ്റുകളിൽ മുഴുകിയുള്ള ജീവിതശൈലിയുമായി കൂടുതൽ സമയം വീട്ടിൽ ചെലവഴിക്കുന്നതിനാൽ, ഗുണമേന്മയുള്ള ഉറക്കം, കളി, പഠനം, സുഖസൗകര്യങ്ങൾ, ശുചിത്വം, സുരക്ഷ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുസൃതമായി തങ്ങളുടെ കുട്ടികളുടെ ലിവിംഗ് സ്പേസ് കൂടുതൽ സൗകര്യപ്രദമാക്കാൻ ഉപഭോക്താക്കൾ ആഗ്രഹിക്കുന്നു.



കിഡ്സ് ഹോം വിഭാഗത്തിൽ ബേബി ബ്ലാങ്കറ്റുകൾ, ബേബി ബെഡ്ഡിംഗ്, ടവലുകളും ബാത്ത് ഉൽപ്പന്നങ്ങളും, കുട്ടികളുടെ മെത്തകളും തലയിണകളും, കുട്ടികളുടെ വീട്ടുപകരണങ്ങൾ, പ്രാംസ്, വാക്കറുകൾ, കുട്ടികളുടെ ഫർണിച്ചറുകൾ, കട്ട്ലറി, ടേബിൾവെയർ, വാട്ടർ ബോട്ടിലുകൾ, കിഡ്സ് സ്റ്റോറേജ്, സോഫ്റ്റ് ടോയ്സ് ടെക്നിക്കൽ ആൻഡ് ആക്ഷൻ ടോയ്സ്, എജുക്കേഷണൽ ടോയ്സ്, കിഡ്സ് ആക ്സസറീസ്, സ്കൂൾ ആർട്ടിക്കിൾസും സ്റ്റേഷനറിയും, സ്പോർട്സ്, ലെയ്ഷർ ആൻഡ് ഔട്ട്ഡോർ ഉപകരണങ്ങൾ, മെറ്റേണിറ്റി ഉൽപ്പന്നങ്ങൾ, ബേബി ഗിഫ്റ്റ് സെറ്റുകൾ, പാർട്ടി ആഘോഷ ഉൽപ്പന്നങ്ങൾ, ഉത്സവ ഉൽപ്പന്നങ്ങൾ, ഡിസ്പോസിബിൾ സാധനങ്ങൾ, കുട്ടികളുടെ അലങ്കാര ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വിപുലമായ ശ്രേണി പ്രദർശനത്തിലുണ്ടാകും.

നെയ്തെടുക്കുന്ന സോഫ്റ്റ് ടോയ്സ്, നവജാത ശിശുക്കൾക്കും കുട്ടികൾക്കും വേണ്ടതായ കിടക്കകൾ, ബേബി ടവലുകൾ, ആക്സസറികൾ, കംഫർട്ടറുകൾ, ഗിഫ്റ്റ് സെറ്റുകൾ തുടങ്ങിയവയുടെ വളരെ ക്രിയാത്മകമായ ശ്രേണിയുമായാണ് പ്ലൂച്ചി എത്തുന്നത്. ഡിസ്നി/ മാർവൽ/ സ്റ്റാർവാർസ് ലൈസൻസുള്ള കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ ശ്രേണിയും അവർ പ്രദർശിപ്പിക്കും. കിഡ്സ് ബെഡ് ലിനൻ, ഷേപ്പ്ഡ് കുഷ്യൻസ്, ഷവർ കർട്ടനുകൾ, തലയിണകൾ, പുതപ്പുകൾ എന്നിവയുമായാണ് ഹാപ്പി ഹോം ലിനൻസ് പ്രദർശനത്തിന് എത്തുന്നത്. സെഞ്ച്വറി മാട്രസ്സസ് കുട്ടികളുടെ പ്രത്യേക മെത്തകളുടെ ശേഖരം തന്നെ കൊണ്ടുവരും. ബോൺഹ്യൂറും ഡോക്ടർ ടവൽസും കുട്ടികളുടെ ടവൽ ലൈനുകൾ പ്രദർശിപ്പിക്കും. ഇന്ത്യയിലെ ഏറ്റവും മികച്ച ടവൽ നിർമ്മാതാക്കളിൽ ഒന്നായ ശാരദ ടെറി, അവരുടെ മൈക്രോ കോട്ടൺ എന്ന ബ്രാൻഡിന് കീഴിൽ കുട്ടികൾക്കായി ബെഡ് ഷീറ്റുകളും ടവലുകളും പുറത്തിറക്കും. കൈകൊണ്ട് തടിയിൽ നിർമ്മിച്ച കളിപ്പാട്ട ങ്ങൾ, കുട്ടികളുടെ ഫർണിച്ചറുകൾ, മറ്റ് ശിശു, ബാല ഉൽപ്പന്നങ്ങൾക്കായി ഒരു കൂട്ടം കരകൗശല വസ്തു നിർമ്മാതാക്കളുടെ പങ്കാളിത്തം ഇപിസിഎസ്സ് സംഘടിപ്പിച്ചിട്ടുണ്ട്. മറ്റ് പല പതിവു എക്സിബിറ്റർമാരും കുട്ടികളുടെ പ്രത്യേക ശ്രേണിയുമായി പ്രദർശനത്തിന് എത്തുന്നതാണ്.

ബെഡ് & ബാത്ത് | വോൾപേപ്പർ | ബ്ലൈൻ്റ്സ് | ഏരിയ റഗ്സ് | ഡെകറേറ്റീവ് ഫ്ലോറിംഗ്

# വർദ്ധിച്ചുവരുന്ന സർക്കാർ പിന്തുണ

കഴിഞ്ഞ ഒരു ദശകത്തിൽ, എച്ച്ജിഎച്ച് ഇന്ത്യ വലുപ്പത്തിലും ഉയരത്തിലും വളരുക മാത്രമല്ല, അതിന്റെ എക്സിബിറ്റർമാർക്കും സന്ദർശകർക്കും സ്ഥിരമായി മികച്ച ബിസിനസ്സ് ഫലങ്ങൾ നൽകികൊണ്ടിരിക്കുകയുമാണ്. ഇന്ന് ഇന്ത്യയിലുടനീളമുള്ള 500–ലധികം നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നുമുള്ള 36,000–ലധികം സീരിയസ് ട്രേഡ് ബയർമാരുമായി അതിന്റെ എക്സിബിറ്റർമാരെ ബന്ധിപ്പിച്ചുകൊണ്ട് ഇന്ത്യൻ ആഭ്യന്തര വിപണിയിലേക്കുള്ള ഫലപ്രദമായ പ്രവേശന കവാടമായി ഈ ട്രേഡ് എക്സ്സിബിഷൻ ഇന്ത്യയിലും വിദേശങ്ങളിലും അംഗീകരിക്കപ്പെട്ടിരിക്കുന്നു. എച്ച്ജിഎച്ച് ഇന്ത്യയിലെ പ്രദർശകരിൽ അറിയപ്പെടുന്ന വിദേശ, ഇന്ത്യൻ ബ്രാൻഡുകൾ, ഡിസൈനർമാർ, വലിയ നിർമ്മാതാക്കൾ, എംഎസ്എംഇ യൂണിറ്റുകൾ, ഇറക്കുമതിക്കാർ, കയറ്റുമതിക്കാർ എന്നിവവർ ഉൾപ്പെടുന്നു. വിപണിയിലെ പ്രമുഖരും മുൻനിര ഇന്ത്യൻ ബ്രാൻഡുകളും മുതൽ ഭൂഖണ്ഡങ്ങളിലുടനീളമുള്ള 32 രാജ്യങ്ങളിൽ നിന്നുള്ള മൾട്ടിനാഷണൽ പ്ലെയേഴ്സും എച്ച്ജിഎച്ച് ഇന്ത്യയിൽ പതിവായി തങ്ങളുടെ നവീന ആശയങ്ങളും ഉൽപന്നങ്ങളും പ്രദർശിപ്പിക്കുന്നു.





കരകൗശലവസ്തുക്കൾ, കൈത്തറി, കോട്ടേജ് മേഖലകൾ എച്ച്ജിഎച്ച് ഇന്ത്യയുടെ ഏറ്റവും വലിയ ഗുണഭോക്താക്കളിൽ ഒന്നാണ്, ഇതിലൂടെ ഇന്ത്യയുടെ ദേശീയ വിപണിയിലേക്കുള്ള ഒരു ദീർഘകാല പാത ഇവർ കണ്ടെത്തിയിരിക്കുകയാണ്. അത്തരം കൂടുതൽ സുസ്ഥാപിതമായ ചെറുകിട നിർമ്മാതാക്കൾ വർഷാവർഷം ഓഫ്‌ലൈനിലും ഓൺലൈലിനുമുള്ള റീട്ടെയിൽ ശൃംഖലകളിലേക്കു കൂട്ടിചേർക്കപ്പെടുന്നുണ്ട്. ഇന്ത്യയിലുടനീളമുള്ള 550 നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നുമുള്ള 37,000 സീരിയസ് ട്രേഡ് ബയർമാരിൽ 70% ത്തിലധികം പേരും തങ്ങളുടെ സോഴ്സിംഗ്, ട്രെൻഡുകൾ, മാർക്കറ്റ് വിവരങ്ങൾ എന്നിവയ്ക്കായി എച്ച്ജിഎച്ച് ഇന്ത്യയെ അവരുടെ വാർഷിക കലണ്ടറിന്റെ ഭാഗമാക്കിയിട്ടുണ്ട്. ഹോം വിഭാഗത്തിൽ (ഓഫ്‌ലൈൻ - ഓൺലൈൻ റീട്ടെയിലർമാർ ഉൾപ്പെടെ) ഇന്ത്യയിലെ മികച്ച 100 റീട്ടെയിൽ ശൃംഖലകളിലും വിതരണക്കാരിലും 95% പേരും പതിവായി എച്ച്ജിഎച്ച് ഇന്ത്യ സന്ദർശിക്കുന്നു. എച്ച്ജിഎച്ച് ഇന്ത്യയിലെ സന്ദർശകരിൽ 90% ത്തിലധികം പേരും സീനിയർ ഡിസിഷൻ മേക്കേഴ്സ് ആയിരിക്കും. കൂടാതെ, ഏകദേശം 28 രാജ്യങ്ങളിൽ നിന്നുള്ള ട്രേഡ് ബയേഴ്സ്, പ്രാഥമികമായി ഏഷ്യയിലെയും ആഫ്രിക്കയിലെയും വളർന്നുവരുന്ന വിപണികളിൽ നിന്നുള്ളവർ, പതിവായി എച്ച്ജിഎച്ച് ഇന്ത്യ സന്ദർശിക്കുന്നു, ഇത് ഹോം ടെക്സ്റ്റൈൽ, ഹോം ഡെകോർ, ഗൃഹോപകരണങ്ങൾ, സമ്മാനങ്ങൾ എന്നീ വിഭാഗങ്ങളിൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടില്ലാത്ത പുതിയ കയറ്റുമതി സാധ്യതകൾ തുറന്നു നൽകുന്നു.

ചെറുകിട, ഇടത്തരം സംരംഭങ്ങളെ ദേശീയ അന്തർദേശീയ റീട്ടെയിലർമാർ, ഇറക്കുമതിക്കാർ, ഇൻസ്റ്റിറ്റ്യൂഷണൽ ബയേഴ്സ് എന്നിവയുമായി ബന്ധിപ്പിക്കുന്നതിനുള്ള എച്ച്ജിഎച്ച് ഇന്ത്യയുടെ കരുത്തും ഫലപ്രാപ്തിയും തിരിച്ചറിഞ്ഞ് ഇന്ത്യാ ഗവൺമെന്റിന് കീഴിലുള്ള ടെക്സ്റ്റൈൽ മന്ത്രാലയം, എംഎസ്എംഇ മന്ത്രാലയം, ടെക്സ്റ്റൈൽ മന്ത്രാലത്തിനു കീഴിലുള്ള ഡെവലപ്മെന്റ് കമ്മീഷണർ ഹാൻഡി ക്രാഫ്റ്റ്, ഡെവലപ്മെന്റ് കമ്മീഷണർ ഹാൻഡ്‌ലൂം ഉത്തർപ്രദേശ് ഗവൺമെന്റ്, ഹരിയാന ഗവൺമെന്റ് എന്നിവ യോഗ്യരായ എക്സിബിറ്റർമാർക്ക് അവരുടെ വിവിധ സ്കീമുകൾക്ക് കീഴിൽ, മാർക്കറ്റ് ഡെവലപ്മെന്റ് ഗ്രാന്റോ സബ്സിഡിയോ ക്ലെയിം ചെയ്യാൻ അനുമതി നൽകിയിട്ടുള്ള ചുരുക്കം ചില ട്രേഡ് ഷോകളിൽ ഒന്നാണ് എച്ച്ജിഎച്ച് ഇന്ത്യ. ഇത് അവരുടെ പങ്കാളിത്ത ചെലവ് കുറയ്ക്കാൻ സഹായിക്കുന്നതാണ്.

12 ലേറെ എഡിഷനുകളിൽ, ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്, ഹോം ഫർണിച്ചറുകൾ, ഗൃഹാലങ്കാരങ്ങൾ, ഗൃഹോപകരണങ്ങൾ, സമ്മാനങ്ങൾ എന്നിവയ്ക്കായി അതിവേഗം വളർന്നുവരുന്ന ഇന്ത്യൻ വിപണിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എക്സിബിറ്റർമാരുടെയും സന്ദർശകരുടെയും ഏറ്റവും വിശ്വസനീയമായ തിരഞ്ഞെടുപ്പും ഏറ്റവും ഇഷ്ടപ്പെട്ട ട്രേഡ് ഷോയും ആയി എച്ച്ജിഎച്ച് ഇന്ത്യ മാറിക്കഴിഞ്ഞു. വ്യക്തമായും, ഈ ബിസിനസുകളിലെ എല്ലാ പങ്കാളികളും, അത് സർക്കാർ, സ്വകാര്യ അല്ലെങ്കിൽ അന്തർദേശീയ ഭാഗഭാക്കുകൾ ആരുതന്നെ ആയാലും എച്ച്ജിഎച്ച് ഇന്ത്യയ്ക്കൊപ്പം സ്വന്തം വീട്ടിലെന്ന തോന്നൽ ഉണ്ടാകുമെന്ന് സംഘാടകർ ഉറപ്പ് പറയുന്നു !

## ട്രെൻഡ്സ് 2022 / 23

എച്ച്ജിഎച്ച് ഇന്ത്യ പ്രവചിക്കുന്ന ട്രെൻഡുകൾ വർഷങ്ങളായി അതിന്റെ പ്രദർശകർക്കും സന്ദർശകർക്കും വളരെ ഉപയോഗപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ എഡിഷനിൽ, ഉപഭോക്തൃ അഭിരുചിയിലെ തിരുത്തലുകളോടും ഹ്രസ്വകാല മാറ്റങ്ങളോടും പൊരുത്തപ്പെട്ടു കൊണ്ട് കഴിഞ്ഞ ജൂലൈ 22–ലെ എഡിഷനുകളിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി തുടർന്നും എച്ച്ജിഎച്ച് ഇന്ത്യ പ്രവചനങ്ങൾ മുന്നോട്ടു വയ്ക്കുന്നതായിരിക്കും. 2022/23 കാലയളവിലേക്കുള്ള നൂതന ഉൽപ്പന്നങ്ങൾ ഹാൾ 1–ലെ ഒരു പുതിയ ട്രെൻഡ് പവലിയനിൽ പ്രദർശിപ്പിക്കും. ചില്ലറ വ്യാപാരികൾക്ക് പുതിയ സോഴ്സിംഗിനായി ഇവയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാൻ കഴിയും. കഴിഞ്ഞ എഡിഷനിൽ നിന്നുള്ള ഈ ട്രെൻഡുകൾ, ഗാർഹിക ഉൽപ്പന്ന വിപണിയിലെ സാമൂഹിക, ജീവിതശൈലി, സാങ്കേതിക മാറ്റങ്ങളുടെ സ്വാധീനത്തെ പ്രതിഫലിപ്പിക്കുന്നവയാണ്. എല്ലാ വർഷവും, കയറി വരുന്ന നിറങ്ങൾ, ഡിസൈനുകൾ, മെറ്റീരിയലുകൾ, ശൈലികൾ എന്നിവയെ കുറിച്ചുള്ള പ്രവചനങ്ങൾ എച്ച്ജിഎച്ച് ഇന്ത്യ നടത്താറുണ്ട്. അവ ഇന്ത്യൻ വിപണിയിലെ ഹോം ഫാഷനിലും ലൈഫ്സ്റ്റൈൽ ട്രെൻഡുകളിലും പ്രധാന പങ്ക് വഹിക്കാൻ സാധ്യതയുണ്ട്.

**''വിൻഡ്സ് ഓഫ് ചേഞ്ച്''** – 2022/23 വർഷത്തേക്ക് ശക്തമായി ഉയർന്നുവരുന്ന നിറങ്ങളുടെയും ഡിസൈനുകളുടെയും മെറ്റീരിയലുകളുടെയും മികച്ച രീതിയിൽ ഗവേഷണം ചെയ്ത് കണ്ടെത്തിയ സംയോജനമാണ് എച്ച്ജിഎച്ച് ഇന്ത്യ നിങ്ങൾക്കായി അവതരിപ്പിക്കുന്ന ട്രെൻഡുകൾ. വരും സീസണുകൾക്കായി നിങ്ങളുടെ പുതിയ കളക്ഷനുകൾ സൃഷ്ടിക്കുന്നതിനോ സോഴ്സ് ചെയ്യുന്നതിനോ ഈ ട്രെൻഡ് ബുക്കിൽ സമഗ്രമായ ഡിസൈൻ നിർദ്ദേശങ്ങൾ കണ്ടെത്താൻ നിങ്ങൾക്ക് സാധിക്കും. 2022–23 ലെ ഇന്ത്യൻ വിപണിയിലെ ഡിസൈൻ ഘടകങ്ങളെ ഹീലിംഗ് ഗ്രീൻ, ഇക്കോ ആർട്ടിസ്റ്റ്, പർപ്പിൾ അവന്യൂ, പീസ്ഫുൾ ആംബർ എന്നീ നാല് ഗ്രൂപ്പുകളായി ഈ ട്രെൻഡുകൾ വിവരിക്കുന്നു. 2022/23 ലെ എച്ച്ജിഎച്ച് ഇന്ത്യ ട്രെൻഡുകൾ ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ് ഫാബ്രിക്സ്, ഹോം ഡെക്കോർ, ആക്സന്റ് ഫർണിച്ചർ, ഹൗസ്‌വെയർ, ഗിഫ്റ്റുകൾ എന്നിങ്ങനെ എല്ലാ ഹോം വിഭാഗങ്ങളിലും ഇത് ബാധകമാണ്.

### Healing Green
ഹീലിംഗ് ഗ്രീൻ



### Eco Artist
ഇക്കോ ആർട്ടിസ്റ്റ്,



### Purple Avenue
പർപ്പിൾ അവന്യൂ



### Peaceful Amber
പീസ്ഫുൾ ആംബർ



രജിസ്ട്രേഷന്: www.hghindia.com മുംബൈ: ഫോൺ. +91 (22) 2421 4111, ഡൽഹി: ഫോൺ. +91 (11) 2571 4111 ഇമെയിൽ: visitors@hghindia.com